**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3545** **26-10-2021 - ൽ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസരംഗത്തെ മികവിന്റെ കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | **Dr. R. Bindu**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസരംഗത്ത് ഇന്റർ യൂണിവേഴ്സിറ്റി സ്വയംഭരണസ്ഥാപനങ്ങൾ ആയി മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | സർവ്വകലാശാലകൾക്കുള്ളിൽ 30 ഓട്ടോണമസ് ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളും സ്കൂളുകളും സ്ഥാപിക്കുക എന്ന പദ്ധതി 2021-22 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഏറ്റവും പ്രഗത്ഭരായ വിദഗ്ധരെയോ പണ്ഡിതരെയോ സെർച്ച് കമ്മിറ്റി വഴി ദേശീയ തലത്തിൽ നിന്ന് തെരഞ്ഞെടുത്ത് ഈ സ്ഥാപനങ്ങളിൽ നിയമിക്കുകയാണ് ചെയ്യുന്നത്. ഇതിനായി 100 കോടി രൂപ വകയിരുത്തുന്നതായും ഈ സെന്ററുകളുടെ പശ്ചാത്തല സൗകര്യ സൃഷ്ടിക്ക് കിഫ്ബിയിൽ നിന്ന് 500 കോടി രൂപ അനുവദിക്കുന്നതാണെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. നിലവിലുള്ള യൂണിവേഴ്സിറ്റി സ്കൂളുകൾ/ ഡിപ്പാർട്ട്മെന്റുകൾ/ സെന്ററുകൾ എന്നിവയുടെ മികവ് പരിശോധിച്ച് അവയെ പുതിയ മികവിന്റെ കേന്ദ്രങ്ങളായി രൂപാന്തരപ്പെടുത്താവുന്നതാണെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | ഏതൊക്കെ സ്ഥാപനങ്ങളെയാണ് മികവിന്റെ കേന്ദ്രങ്ങളായി തെരഞ്ഞെടുക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | സർവ്വകലാശാലകൾക്കുള്ളിൽ 30 ഓട്ടോണമസ് ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളും സ്കൂളുകളും സ്ഥാപിക്കുക എന്ന പദ്ധതി 2021-22 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഏറ്റവും പ്രഗത്ഭരായ വിദഗ്ധരെയോ പണ്ഡിതരെയോ സെർച്ച് കമ്മിറ്റി വഴി ദേശീയ തലത്തിൽ നിന്ന് തെരഞ്ഞെടുത്ത് ഈ സ്ഥാപനങ്ങളിൽ നിയമിക്കുകയാണ് ചെയ്യുന്നത്. ഇതിനായി 100 കോടി രൂപ വകയിരുത്തുന്നതായും ഈ സെന്ററു കളുടെ പശ്ചാത്തല സൗകര്യ സൃഷ്ടിക്ക് കിഫ്ബിയിൽ നിന്ന് 500 കോടി രൂപ അനുവദിക്കുന്നതാണെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. നിലവിലുള്ള യൂണിവേഴ്സിറ്റി സ്കൂളുകൾ/ ഡിപ്പാർട്ട്മെന്റുകൾ/ സെന്ററുകൾ എന്നിവയുടെ മികവ് പരിശോധിച്ച് അവയെ പുതിയ മികവിന്റെ കേന്ദ്രങ്ങളായി രൂപാന്തരപ്പെടുത്താവുന്നതാണെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | "ഏൺ ബൈ ലേൺ" പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം സമ്പാദ്യശീലം വളർത്തുക എന്ന ലക്ഷ്യത്തോടെ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ തൊഴിൽ വകുപ്പുമായി ചേർന്ന് "Earn While You Learn" എന്ന പദ്ധതി കേരളത്തിലെ സർക്കാർ കോളേജുകളിൽ നടപ്പാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭി ച്ചിട്ടുണ്ട്. കോളേജിലെ റെഗുലർ പ്രവൃത്തി സമയത്തിന് ശേഷമുള്ള സമയമാണ് ജോലി ചെയ്യുന്നതിനുള്ള സമയമായി കണ്ടെത്തിയിരിക്കുന്നത്. ആദ്യഘട്ടമായി കോളേജ് ഹോസ്റ്റൽ കാമ്പസിനകത്തെ വർക്കുകൾ താല്പര്യമുള്ള കുട്ടികൾക്ക് നൽകുകയും തൊഴിൽ വകുപ്പ് നിശ്ചയിച്ചിട്ടുള്ള നിരക്കിൽ തുക നൽകുകയും ചെയ്യും. കൂടാതെ തൊഴിൽ വകുപ്പിന്റെ സഹായത്തോടെ തൊഴിൽ നൽകാൻ കഴിയുന്നവരെ കണ്ടെത്തി കുട്ടികൾക്ക് പാർട്ട് ടൈം ജോലി നൽകത്തക്ക വിധത്തിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നു. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ തെരഞ്ഞെടുത്ത പോളിടെക്നിക്ക് കോളേജുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ പ്രൊഡക്ഷൻ ആന്റ് ട്രെയിനിംഗ് (PAT) സെന്ററുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചുവരുന്നു. എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജു കളിലും തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിലും കോഴ്സ് വിജയകരമായി പൂർത്തീകരിച്ചതിനു ശേഷം സംരംഭകത്വ പ്രവർത്തനങ്ങളിലുള്ള പുതിയ വെല്ലുവിളികൾ നേരിടുന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി പ്രത്യേകമായ നിലയിൽ സജ്ജീകരിച്ച ആവശ്യമായ കംപ്യൂട്ടർ സംവിധാനത്തോടും അതിവേഗ ഇന്റർനെറ്റ് കണക്ടിവിറ്റിയോടു കൂടി ടെക്നോളജി ഇൻക്യുബേഷൻ സെന്ററുകൾ (TBI) പ്രവർത്തിച്ചുവരുന്നു സംസ്ഥാനത്തെ വിവിധ സർവകലാശാലകളിൽ വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം വരുമാനം കണ്ടെത്തുവാൻ സഹായിക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ കഴിഞ്ഞ 5 വർഷക്കാലയളവിനുള്ളിൽ വിവിധ വകുപ്പുകളിലായി 93 സ്റ്റാർട്ട് അപ്പുകൾ ആരംഭിച്ചിട്ടുണ്ട്. കേരള സർവ്വകലാശാലയിൽ അതിജീവന പദ്ധതിയായ ഹരിതാലയം പദ്ധതിയുടെ കീഴിൽ വിദ്യാർത്ഥികൾക്കായി കാർഷിക ഫെല്ലോഷിപ്പ് നൽകിവരുന്നു. വ്യവസായ സംരഭങ്ങൾക്കാവശ്യമുള്ള നൈപുണ്യ വികസനം സാധ്യമാക്കുന്ന വിധത്തിൽ ഇൻഡസ്ട്രി എംബഡഡ് കോഴ്സുകൾ ആരംഭിക്കുവാനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ബിസിനസ് |

| | | | | |
|---|---|---|---|---|
| | | | | ഇന്നോവേഷൻ ആന്റ് ഇൻക്യുബേഷൻ സെന്റർ പ്രവർത്തിച്ചു വരുന്നു. വിദ്യാർത്ഥികളുടെ സ്റ്റാർട്ട് അപ്പ്കളെ പ്രോത്സാഹിപ്പിക്കുന്നതിനും ബിസിനസ് ഇൻകുബേഷൻ സൗകര്യങ്ങൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനും സഹായകരമായ രീതിയിൽ സ്റ്റാർട്ട് പോളിസിയും ഇന്നവേഷൻ പോളിസിയും സർവ്വകലാശാല അംഗീകരിച്ച് നടപ്പാക്കിയിട്ടുണ്ട്. നാഷണൽ ഇന്നവേഷൻ ആന്റ് സ്റ്റാർട്ട് പോളിസി 2019-നു അനുസൃതം ടി പോളിസികൾ പരിഷ്കരിക്കുന്ന വിഷയം സർവ്വകലാശാല സിൻഡിക്കേറ്റിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ